No. CRIP/KLM/VL/01/22-23

Office of the Executive Engineer,
PWD, Roads, Division, Kollam.
Dated. 05.08.2022
Tel. 04742 740955
Mob. No.9447171727(WA),
8086395035
Email.eerdklm@gmail.com.
Web.www.keralapwd.gov.in.

From

Project Co-Ordinator (CRIP-KOLLAM)
(Executive Engineer)
PWD Roads Division, Kollam

To

The chief Executive officer
City Road Improvement Project
Kerala Road Fund Board
Thiruvananthapuram

Sir,

Sub : Request for publishing invitation of quotations for hiring vehicles.
Ref.- Lr. No. KRFB/7664/2021-PA

Vide reference we obtained permission from that office to hire vehicle. Hence invitation of quotation is prepared and attached with this letter.

Please check and make arrangements to upload in KRFB web site. Also it shall be published in PWD offices nearby to our office.

Yours Faithfully

Project Co-Ordinator (CRIP-KOLLAM)
Executive Engineer.

കേരള സർക്കാർ

പൊതുമരാമത്ത് വകുപ്പ് റോഡ്സ് ഡിവിഷൻ, കൊല്ലം &

പ്രോജക്ട് കോർഡിനേറ്റർ കൊല്ലം നഗര പാത വികസന പദ്ധതി, കൊല്ലം.

## ക്വട്ടേഷൻ പരസ്യം

നമ്പർ എ8- ജനറൽ/2022.

തീയതി 05/08/2022.

കേരള ഗവർണ്ണർക്ക് വേണ്ടി പൊതുമരാമത്ത് വകുപ്പിലെ ഔദ്യോഗിക വാഹനം നിലവില്ലാത്ത കൊല്ലം നഗര പാത വികസന പ്രോജക്ട് കോ- ഓർഡിനേറ്റർ ഓഫീസിൽ വാഹനം വാടയ്ക്ക് എടുത്ത് ഉപയോഗിക്കുന്നതിന് കേരള റോഡ് ഫണ്ട് ബോർഡ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ 25/06/2022 ലെ KRFB 7064/2021 PA പ്രകാരം ഉത്തരവായിട്ടുള്ളതാണ്. പൊതുമരാമത്ത് വകുപ്പിലെ കൊല്ലം നഗര പാതാ വികസന കോർഡിനേറ്റർക്ക് 1500 സിസിയ്ക്ക് (7 സീറ്റ്) മുകളിലുള്ള വാഹനം ജി.ഒ.പി നമ്പർ 43/2018 ഗത. തീയതി 11.12.2018 പ്രകാരം താഴെ പറയുന്ന വ്യവസ്ഥകളോടെ വാടകയ്ക്ക് എടുക്കുന്നതിന് ജില്ലാ കോർഡിനേറ്ററെ ചുമതലപ്പെടുത്തി ഉത്തരവായിട്ടുണ്ട്. ആയതിനാൽ ഇതിന്റെ അടിസ്ഥാനത്തിൽ സ്വന്തമായി വാഹനമുള്ള അർഹരായ ഡ്രൈവന്മാരിൽ നിന്നും ക്വട്ടേഷൻ ക്ഷണിച്ചു കൊള്ളുന്നു.

### നിരക്ക്

1) മാസ വാടക (ചാർജ്) 1500 കിലോമീറ്ററിനെ അടിസ്ഥാനമാക്കി കലണ്ടർ മാസം എല്ലാം ഉൾക്കൊണ്ടുകൊണ്ടുള്ള 325 ഡ്രൈവർ അവേഴ്സിനെ അടിസ്ഥാനമാക്കി ഉള്ളതായിരിക്കും. ഈ വാടക മാത്രമേ എല്ലാ മാസവും അനുവദിക്കുകയുള്ളൂ.
2) അധികം ഓടുന്നതിന്റെ നിരക്ക് ആറ് മാസത്തേക്ക് സ്ഥിരമായിരിക്കും. പരിധി 9000 കിലോമീറ്റർ മാത്രമായിരിക്കും.
3) ഡ്രൈവറുടെ അധിക വേതനം 325 മണിക്കൂറിൽ കൂടുതൽ ആയാൽ അത് മണിക്കൂർ നിരക്കായിരിക്കും.

### വ്യവസ്ഥകൾ

1) വാടകയ്ക്ക് നൽകുന്ന വാഹനം ആദ്യ രജിസ്ട്രേഷൻ 01/01/2016 ന് ശേഷം നടത്തിയതായിരിക്കണം. (ആർ.സി ബുക്കിന്റെ പകർപ്പ് ഉള്ളടക്കം ചെയ്യണം).
2) വാഹനം എല്ലാ ദിവസങ്ങളിലും ഓടാൻ തയ്യാറായിരിക്കണം. (ശനി, ഞായർ. പൊതു അവധി ദിവസങ്ങൾ ഉൾപ്പെടെ).
3) വാഹന കോൺട്രാക്ടറുടെ സ്വന്തം ഉത്തരവാദിത്വത്തിൽ വാഹനത്തിനാവശ്യമായ ഇന്ധനം, ഓയിൽ, ഇൻഷുറൻസ് എന്നിവ ലഭ്യമാക്കേണ്ടതാണ്. വാഹനം നഗരപാത വികസന കോർഡിനേറ്റർ ഓഫീസിന്റെ പരിസരത്ത് സൂക്ഷിക്കേണ്ടതാണ്.
4) റേറ്റ് ക്വോട്ട് ചെയ്യുമ്പോൾ ഡ്രൈവറുടെ വേതനം, ഇന്ധനവില, മെയിന്റനൻസ് ചാർജ് എന്നിവ കൂടി ഉൾപ്പെടുത്തേണ്ടതാണ്. കോൺട്രാക്ടറുടെ ഡ്രൈവർ വാഹനം ഓടിക്കുമ്പോൾ വാഹനം അപകടത്തിൽ പെട്ടാൽ വാഹനത്തിനുണ്ടാകുന്ന നഷ്ടത്തിന് നഗരപാതാ വികസന ജില്ലാ അതോറിറ്റി കോർഡിനേറ്ററോ, അവിടുത്തെ ജീവനക്കാരോ ഉത്തരവാദികളായിരിക്കുന്നതല്ല. വാഹനം ബ്രേക്ക് ഡൗണായാൽ കോൺട്രാക്ടർ സ്വന്തം ഉത്തരവാദിത്വത്തിൽ പകരം വാഹനം നിശ്ചിത സമയത്തിനുള്ളിൽ ലഭ്യമാക്കേണ്ടതാണ്.

5) ഓഫീസ് ആവശ്യത്തിന് വാഹനം ലഭ്യമാക്കാതെ വന്നാൽ താഴെ പറയും പ്രകാരം പിഴ ഈടാക്കുന്നതാണ്,

ഒരു മാസത്തെ ആകെ തുകയെ 25 കൊണ്ട് ഭാഗിച്ച് അതിനെ 1.25 കൊണ്ട് ഗുണിച്ച തുകയായിരിക്കും പിഴ തുക.

6) വാഹനം ഓഫീസ് ആവശ്യത്തിന് ഒരാഴ്ചയിൽ കൂടുതൽ ലഭ്യമാകാതെ വന്നാൽ അത് ഉടമ്പടിയിടെ ലംഘനമായി കണക്കാക്കുന്നതും കോൺട്രാക്ടറുടെ സെക്യൂരിറ്റി ഡെപ്പോസിറ്റ് സർക്കാരിലേക്ക് കണ്ടു കെട്ടുന്നതുമായിരിക്കും.

7) അധികം ഓടുന്നതിന്റെ തുക എഗ്രിമെന്റിൽ പറഞ്ഞിരിക്കുന്നതായിരിക്കും. ഇത് 6 മാസത്തേക്ക് നിശ്ചിത തുക ആയിരിക്കും.

8) വാടക നിരക്കും വ്യവസ്ഥകളും കെ.ആർ.എഫ്.ബി അംഗീകരിച്ച് കഴിഞ്ഞാൽ സാധാരണ ഒരു വർഷം, വ്യവസ്ഥകളിലും തുകയിലും യാതൊരു കാരണവശാലും മാറ്റം വരുത്തുന്നതല്ല. ഇന്ധന വില വർദ്ധനവ് അനുസരിച്ച് തുക കൂട്ടാനും, കുറയ്ക്കാനും അവകാശപ്പെടാനുള്ള അവകാശം കോൺട്രാക്ടർക്ക് ഉണ്ടായിരിക്കും. അത് പരിഗണിക്കേണ്ടത് നഗരപാതാ വികസന പദ്ധതി ജില്ലാ കോർഡിനേറ്റർ ആയിരിക്കും.

9) വാഹനത്തിന്റെ ലോഗ് ബുക്ക് എല്ലാ യാത്രാവിവരങ്ങളും രേഖപ്പെടുത്തി സ്വന്തം ഉത്തരവാദിത്വത്തിൽ ജില്ലാ കോർഡിനേറ്ററെ ബോധ്യപ്പെടുത്തി വാഹനത്തിൽ സൂക്ഷിക്കേണ്ടതാണ്. എഗ്രിമെന്റ് തുകയ്ക്കുള്ള ബില്ല് സമർപ്പിക്കുന്നതോടൊപ്പം ലോഗ് ബുക്ക് കൂടി കൺട്രോളിംഗ് ഓഫീസർക്ക് സമർപ്പിക്കേണ്ടതാണ്. ടെണ്ടർ പിടിച്ചയാളുടെ ഉത്തരവാദിത്വത്തിൽ ടെണ്ടർ കാലാവധി അവസാനിക്കുന്നതിന് മുമ്പ് എല്ലാ വിവരങ്ങളും ചേർത്ത് പൂർത്തിയാക്കിയ ലോഗ് ബുക്ക് നിയന്ത്രണാധികാരിയെ ഏൽപ്പിക്കേണ്ടതാണ്. കോൺട്രാക്ട് സാധാരണ ഒരു വർഷത്തേക്കായിരിക്കും, വാഹനം ഓടാൻ ആരംഭിക്കുന്ന ദിവസം മുതലായിരിക്കും വർഷം കണക്കാക്കുക. വാഹന ഉടമ കൊല്ലം നഗരപാതാ വികസന അതോറിറ്റി ജില്ലാ കോർഡിനേറ്ററുമായി മുദ്രപത്രത്തിൽ ഒരു ഉടമ്പടി എഴുതി ഒപ്പിടേണ്ടതാണ്.

10) വാഹനത്തിന്റെ ഡ്രൈവർ ഡ്യൂട്ടി സമയത്ത് മാന്യമായ വസ്ത്രം ധരിക്കുകയും മാന്യമായി പെരുമാറുകയും ചെയ്യേണ്ടതാണ്. ഇതിന് വീഴ്ച വരുത്തിയാൽ ഉടമ്പടി അവസാനിപ്പിക്കുകയും സെക്യൂരിറ്റി ഡെപ്പോസിറ്റ് സർക്കാരിലേക്ക് കണ്ട് കെട്ടുകയും ചെയ്യുന്നതാണ്.

11) ടെണ്ടർ സമർപ്പിക്കേണ്ടത് സീൽഡ് കവറിലായിരിക്കണം. കവറിന്റെ പുറത്ത് വാടകയ്ക്ക് എടുക്കുന്ന വാഹനത്തിനുള്ള ടെണ്ടർ എന്ന് രേഖപ്പെടുത്തിയിരിക്കണം. ടെണ്ടർ സമർപ്പിക്കേണ്ടത് "ജില്ലാ കോർഡിനേറ്റർ, കൊല്ലം നഗരപാതാ വികസന പദ്ധതി, കേരള പൊതുമരാമത്ത് വകുപ്പ് റോഡ്സ് ഡിവിഷൻ, ബീച്ച് റോഡ്, കൊല്ലം" എന്ന വിലാസത്തിൽ ആയിരിക്കണം. ടെണ്ടറുകൾ 2022 ആഗസ്റ്റ് 19 ന് വൈകിട്ട് 3 മണിക്ക് മുമ്പ് സമർപ്പിക്കേണ്ടതും, സ്വീകരിച്ച ടെണ്ടറുകൾ സമർപ്പിച്ചവരുടെ സാന്നിധ്യത്തിൽ 2022 ആഗസ്റ്റ് മാസം 22 -ാം തീയതി രാവിലെ 11 മണിക്ക് തുറക്കുന്നതുമായിരിക്കും.

12) ഏറ്റവും കുറഞ്ഞ ടെണ്ടറിനായിരിക്കും കോൺട്രാക്ട് ഉറപ്പിക്കുക. എന്നാൽ നഗരപാത വികസന പദ്ധതി ജില്ലാ കോർഡിനേറ്റർക്ക് കാരണം കൂടാതെ തന്നെ ടെണ്ടർ നിരസിക്കാനുള്ള അധികാരം ഉണ്ടായിരിക്കും. കോൺട്രാക്ടുമായി ബന്ധപ്പെട്ട് എന്തെങ്കിലും തടസമോ, തർക്കമോ ഉണ്ടായാൽ എഗ്രിമെന്റിൽ ഏർപ്പെട്ട ആൾക്ക് "ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, കേരള റോഡ് ഫണ്ട് ബോർഡ്, നമ്പർ.7, മയൂരം, വെൽഹെവൻ ഗാർഡൻസ്, കവടിയാർ, തിരുവനന്തപുരം - 695 003" എന്ന വിലാസത്തിലോ അതല്ലായെങ്കിൽ അദ്ദേഹം

ചുമതലപ്പെടുത്തുന്ന ഉദ്യോഗസ്ഥരെയോ സമീപിക്കാവുന്നതാണ്. അദ്ദേഹത്തിന്റെ തീരുമാനം അന്തിമമായിരിക്കും.

13) ഇതുമായി ബന്ധപ്പെട്ട വിവരങ്ങൾ നേരിട്ടറിയുന്നതിന് കൊല്ലം നഗര പാതാ വികസന പദ്ധതി ജില്ലാ കോർഡിനേറ്ററുടെ ഓഫീസിൽ (എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ കാര്യാലയം, പൊതുമരാമത്ത് വകുപ്പ്, റോഡ്സ് ഡിവിഷൻ, കൊല്ലം) എല്ലാ പ്രവൃത്തി ദിവസവും രാവിലെ 10 മുതൽ വൈകിട്ട് 5 മണിവരെ സന്ദർശിക്കാവുന്നതാണ്.

14) ടെണ്ടർ ഉറപ്പിച്ചയാൾ 5000/- രൂപയ്ക്കുള്ള ഡിഡി "ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, കെ.ആർ.എഫ്.ബി" എന്ന പേരിൽ തിരുവനന്തപുരത്തെ ഷെഡ്യൂൾ ബാങ്കിൽ മാറാവുന്നത് സമർപ്പിക്കേണ്ടതാണ്.

കൊല്ലം
05/08/2022

കൊല്ലം നഗരപാതാ വികസന പദ്ധതി
ജില്ലാ കോർഡിനേറ്റർ &
എക്സിക്യൂട്ടീവ് എഞ്ചിനീയർ
പൊതുമരാമത്ത് നിരത്തുകൾ വിഭാഗം,
കൊല്ലം.

പകർപ്പ്
1) കെ.ആർ.എഫ്.ബി വെബ്സൈറ്റ്.
2) എക്സിക്യൂട്ടീവ് എഞ്ചിനീയർ, നിരത്തുകൾ, ബിൽഡിംഗ്സ്, ദേശീയ പാതാ കാര്യാലയങ്ങളുടെ നോട്ടീസ് ബോർഡ്.
3) അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, നിരത്തുകൾ ഉപവിഭാഗം, കൊല്ലം കാര്യാലയത്തിന്റെ നോട്ടീസ് ബോർഡ്.

FC3.